**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1879 — 01.02.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

# സർക്കാർ ജീവനക്കാർക്ക് പരിശീലനം

| ചോദ്യം<br>ഡോ.എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | പി.എസ്.സി. പരീക്ഷയിലൂടെയും അല്ലാതെയും സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന ഏതെല്ലാം വിഭാഗം ജീവനക്കാർക്കാണ് സർവ്വീസിൽ പ്രവേശിക്കുന്നതിന് മുൻപ് പരിശീലനം നിർബന്ധമാക്കിയിരിക്കുന്നത് എന്ന് വിശദമാക്കാമോ ; | (എ) | സർക്കാർ നിയോഗിക്കുന്ന ഐ.എ.എസ്,കെഎ.എസ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് സർവ്വീസിൽ പ്രവേശിക്കുന്നതിന് മുമ്പ് പരിശീലനം നിർബന്ധമാക്കിയിട്ടുണ്ട്.<br>ആഭ്യന്തര വകുപ്പിലെ പോലീസ് കോൺസ്റ്റബിൾ, വനിത പോലീസ് കോൺസ്റ്റബിൾ, സ്പോർട്സ് ക്വോട്ട നിയമനത്തിലൂടെ നിയമിതരാകുന്ന ഹവിൽദാർ, ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ ജനറൽ എക്സിക്യൂട്ടീവ്, സബ് ഇൻസ്പെക്ടർ ആംഡ് റിസർവ്വ്, മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ (ടെക്നിക്കൽ), പോലീസ് കോൺസ്റ്റബിൾ (ടെക്നിക്കൽ), സ്റ്റേഷൻ ഓഫീസർ, ഫയർ & റെസ്ക്യൂ സർവ്വീസസിലെ സ്റ്റേഷൻ ഓഫീസർ, ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ), ഫയർ & റെസ്ക്യൂ ഓഫീസർ എന്നീ തസ്തികകളിലെ ജീവനക്കാർ, പ്രോസിക്യൂഷൻ വകുപ്പിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർക്കും നീതിന്യായ വകുപ്പിലെ ജുഡീഷ്യൽ ഓഫീസർമാർക്കും, ജയിൽ വകുപ്പിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഫീമെയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ കം ഡ്രൈവർ എന്നിവർക്കും സർവ്വീസിൽ പ്രവേശിക്കുന്നതിന് മുമ്പ് പരിശീലനം നിർബന്ധമാക്കിയിട്ടുണ്ട്.<br>ക്ഷീര വികസന വകുപ്പിലെ ക്ഷീര വികസന ഓഫീസർമാർക്കും ഡയറി ഫാം ഇൻസ്ട്രക്ടർമാർക്കും ലാബ് അസിസ്റ്റന്റിനും സർവ്വീസിൽ പ്രവേശിക്കുന്നതിന് മുമ്പ് പരിശീലനം നിർബന്ധമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സി.എസ്.ആർ/സ്റ്റെറിലൈസേഷൻ ടെക്നീഷ്യൻ വിഭാഗത്തിലെ ജീവനക്കാർക്കും ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർ,ഡ്രഗ്സ് ഇൻസ്പെക്ടർ (ആയുർവേദ), അനലിസ്റ്റ് ഗ്രേഡ് III ഉദ്യോഗസ്ഥർക്കും സർവ്വീസിൽ പ്രവേശിക്കുന്നതിന് മുമ്പ് പരിശീലനം നിർബന്ധമാക്കിയിട്ടുണ്ട്.<br>റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ നേരിട്ട് പ്രവേശിക്കുന്ന ജീവനക്കാർക്ക് സർവ്വീസിൽ പ്രവേശിക്കുന്നതിന് മുമ്പായും കൂടാതെ G.O(Ms)No.11/2024/RD തീയതി 09.11.2024 പ്രകാരം നേരിട്ടുള്ള പ്രത്യേക നിയമനം വഴി തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് നിയമനം ലഭിച്ചിട്ടുള്ള SC/ST വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ഒരു വർഷത്തെയും പരിശീലനം നിർബന്ധമാക്കിയിട്ടുണ്ട്.<br>വാട്ടർ അതോരിറ്റിയിൽ ഫീൽഡ് ഓഫീസർ ആയി ജോലി ചെയ്യേണ്ട അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും നേരിട്ട് ഡിവിഷണൽ അക്കൗണ്ടന്റ് ഓഫീസർമാരായി നിയമിച്ചിട്ടുള്ളവർക്കും ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജരായി നിയമിക്കപ്പെട്ടവർക്കും സർവ്വീസിൽ പ്രവേശിക്കുന്നതിന് മുമ്പ് പരിശീലനം നൽകുന്നുണ്ട്. വനം വകുപ്പിലെ റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കും സർവ്വീസിൽ പ്രവേശിക്കുന്നതിന് മുമ്പ് പരിശീലനം നൽകുന്നുണ്ട്.<br>സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം ലഭിക്കുന്ന ഉദ്യോഗസ്ഥർക്ക് പരിശീലനം നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | സിവിൽ ജോലികളിൽ നിയമനം ലഭിക്കുന്നവർക്ക് സർവ്വീസിൽ പ്രവേശിക്കുന്നതിന് മുൻപ് സർക്കാർ ചട്ടങ്ങളും നടപടിക്രമങ്ങളും സംബന്ധിച്ച പരിശീലനം നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | പരിഗണനയിലില്ല |
| (സി) | പരിശീലനം നേടി ജോലിയിൽ പ്രവേശിക്കുന്നത് സംസ്ഥാന സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുമെന്ന് കരുതുന്നുണ്ടോ; | (സി) | ഉണ്ട്. സർവ്വീസിൽ പ്രവേശിക്കുന്നതിനു മുമ്പ് പരിശീലനം നിർബന്ധമാക്കിയിട്ടില്ലെങ്കിലും എല്ലാ ഉദ്യോഗസ്ഥർക്കും തങ്ങളുടെ ഇപ്പോഴത്തെയും ഭാവിയിലേതുമായ |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | ജോലികൾക്ക വേണ്ട ശേഷി, പരിശീലനത്തിലൂടെ ലഭ്യമാക്കുന്നതിനായി വിവിധതരം പരിശീലനങ്ങൾ പരിഷ്കരിച്ച സംസ്ഥാന പരിശീലന നയത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. |
| (ഡി) | സർവ്വീസിൽ കയറി വർഷങ്ങൾക്ക ശേഷം നൽകുന്ന ഇൻഡക്ഷൻ ട്രെയിനിങ്ങ് സംവിധാനം പരിഷ്കരിക്കാൻ നടപടി സ്വീകരിക്കമോ? | (ഡി) | 13/07/2017 ലെ സ.ഉ(അച്ചടി) നം.9/2017/ഉഭപവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പരിഷ്കരിച്ച സംസ്ഥാന പരിശീലന നയത്തിൽ പുതിയതായി സർവ്വീസിൽ എത്തുന്നവർക്ക് നിർബന്ധമായി ഇൻഡക്ഷൻ പരിശീലനം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ